ഉത്തരം

(എ) 532 ബസ്സുകൾ.

(ബി) സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല യാത്രയ്ക്ക് കെ.എസ്.ആർ.ടി.സി. കൂടുതൽ ചാർജ്ജ് ഈടാക്കുന്നതായ പരാതി

79 [514] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യാത്രയ്ക്ക് കെ.എസ്.ആർ.ടി.സി. സാധാരണ നിരക്കിനേക്കാൾ കൂടുതൽ ചാർജ്ജ് ഈടാക്കുന്നതായ പരാതി സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ശബരിമലയിലേക്ക് ഇപ്പോൾ കെ.എസ്.ആർ.ടി.സി. വിവിധ തരം ബസ്സുകൾക്ക് കിലോമീറ്ററിന് എത്ര പൈസ നിരക്കിലാണ് ചാർജ്ജ് ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഇതും സാധാരണ നിരക്കും തമ്മിലുള്ള വ്യത്യാസം എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) വിവിധ തീർത്ഥാടകർക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഒട്ടേറെ ആനുകൂല്യങ്ങൾ നൽകുന്ന സാഹചര്യത്തിൽ ശബരിമല തീർത്ഥാടകരിൽനിന്നും അമിത ചാർജ്ജ് ഈടാക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ശബരിമല തീർത്ഥാടന കാലത്ത് ശബരിമലയിലേക്കുള്ള ബസ്സുകൾക്ക് കെ.എസ്.ആർ.ടി.സി. ഇളവുകൾ അനുവദിച്ച് സാധാരണ നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സർവ്വീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശബരിമല സ്പെഷ്യൽ സർവ്വീസിന് കിലോമീറ്റർ ഒന്നിന് സൂപ്പർ ഫാസ്റ്റ് സർവ്വീസുകൾക്ക് 55.2 പൈസയും ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകൾക്ക് 51.6 പൈസയും ഈടാക്കുന്നു.

(സി) സാധാരണ നിരക്കിനേക്കാൾ 20% കൂടുതലാണ്.

(ഡി) സ്പെഷ്യൽ സർവ്വീസ് നടത്തുന്നതിന് നിലവിലുള്ള ചാർജ്ജിനേക്കാൾ 30% ചാർജ്ജ് കൂടുതൽ വാങ്ങാൻ മോട്ടോർ വാഹന നിയമം അനുവദിക്കുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. നിലവിൽ 20% അധിക ചാർജ് മാത്രമേ തീർത്ഥാടകരിൽ നിന്നും ഈടാക്കുന്നുള്ളൂ. 2001 വർഷം മുതൽ നിലവിലുള്ള ചാർജ്ജാണ് ഈ വർഷവും ഈടാക്കുന്നത്. തീർത്ഥാടന കാലത്ത് കൂടുതൽ ജീവനക്കാരെ ശബരിമലയിൽ ജോലിക്കായി വ്യന്യസിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കുള്ള ആവശ്യത്തിനും വേണ്ടിയാണ് ഇങ്ങനെ അധിക ചാർജ്ജ് ഈടാക്കുവാൻ നിയമത്തിൽ വ്യവസ്ഥയുള്ളത്. ആയതിനാൽ ഈ ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

(ഇ) ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

കോഴിക്കോട് നിന്നും അത്തോളി-പേരാമ്പ്ര-കുറ്റ്യാടി-മാനന്തവാടി വഴി മൈസൂറിലേക്ക് ബസ് സർവ്വീസ്

80 [516] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിന്നും അത്തോളി-പേരാമ്പ്ര-കുറ്റ്യാടി-മാനന്തവാടി വഴി മൈസൂറിലേക്ക് ഒരു ബസ് സർവ്വീസ് ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് നിർദ്ദേശം കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പ്രസ്തുത റൂട്ട് കേരള സർക്കാർ കർണ്ണാടക സർക്കാരുമായി ഒപ്പ് വച്ചിട്ടുള്ള അന്തർ സംസ്ഥാന കരാറുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പ്രസ്തുത സർവ്വീസ് ആരംഭിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly